
JANARDANAN '68

6

ദിവാകരചിന്ത

KOTTAYAM PUBLIC LIBRARY
38144
KOTTAYAM.

ഗ്രന്ഥകർത്താ:

കെ. വി. മാനൻഗുരുക്കൾ

NATIONAL BOOK STALL
S.P.C.S LTD.
BR. KOTTAYAM.

DIVAKARACHINTHA

By
K. V. Manan Gurukkal

MÂIO

First Impression, 1968
Copies 1000
Price Re. 1-00

Publishers:
Allied Publishers
Tellicherry - 1

Printed at
The Standard Press
Tellicherry

38144

മുഖവുര

ശ്രീ. കെ. വി. മാനൻഗുരുക്കൾ എന്ന മഹനീയ നാമം പല പ്രകാരത്തിലും കേരളീയ സഹൃദയലോകത്തിന്നു സുപരിചിതമാണ്. പ്രഗല്ഭനായ ഒരു പണ്ഡിതനും പ്രശസ്തനായ ഒരു വിമർശകനും പ്രതിഭാശാലിയായ ഒരു കവിയും പ്രോജ്ജ്വലനായ ഒരു പ്രസംഗകനും ആ നാമധേയത്തിന്നു പിറകിൽ തെളിഞ്ഞു നില്ക്കുന്നുണ്ട്. പാണ്ഡിത്യത്തിന്റെയും വിമർശനപാടവത്തിൻെറയും ഏകദേശസ്വഭാവം അദ്ദേഹത്തിൻെറ ചില ഉപന്യാസങ്ങളിൽനിന്നു മനസ്സിലാക്കാം. കവിത്വശക്തിയും ഭാവനാഗാംഭീര്യവും കാണിക്കുന്നതിന്നു് അദ്ദേഹത്തിൻെറ ചില ലഘുകവിതകളും ഖണ്ഡകാവ്യങ്ങളും വേണ്ടുവോളം മതിയാകും. ഉപന്യാസങ്ങളും കവിതകളും എവിടെയാണ്, എന്തൊക്കെയാണ് എന്നൊന്നും പറയുവാൻ കഴിയുകയില്ല. ചിലതു തേടിപ്പിടിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്നു മാത്രം.

ഈ 'ദിവാകരചിന്ത' ഒരിരുപതുകൊല്ലം മുൻപ് എഴുതി പണിക്കുറ തീർത്തു പ്രസിദ്ധീകരിപ്പാൻ ചിട്ടപ്പെടുത്തി വെച്ചതാണ്. ഇതിലേക്കു്, ഗുരുക്കളുടെ സബ്രഹ്മചാരിയായിരുന്ന ശ്രീ. കെ. വാസുദേവൻ മൂസ്സദ് ഒരവതാരികയും

എഴുതി അയച്ചിരുന്നു. പക്ഷെ, അന്നു്, അതു് പ്രസിദ്ധീകരിപ്പാൻ സാധിച്ചില്ല.

'ചിന്താവിഷ്ടയായ സീത'യുടെ ചുവടു പിടിച്ചുകൊണ്ടു് എഴുതപ്പെട്ട ഒരു ഭാവകാവ്യമാണു് 'ദിവാകരചിന്ത.' കഥാപാത്രങ്ങളുടെ രൂപഭാവങ്ങളെ അവരുടെ സ്വന്തം വിചാരങ്ങളുടെ സൂക്ഷ്മദർശിനിയിൽകൂടി ഒരു ചിത്രപടത്തിലെന്നപോലെ വിശദമായി കാണിച്ചുതരുന്ന ഭാവകാവ്യങ്ങൾ മലയാളത്തിൽ വളരെ കുറച്ചേ ഉണ്ടായിട്ടുള്ളൂ. കുഞ്ഞിരാമൻ നായരുടെ 'വരഭിക്ഷ', ഉണ്ണികൃഷ്ണൻ നായരുടെ 'ലക്ഷ്മണവിഷാദം', പി. വി. കൃഷ്ണവാരിയരുടെ 'ചിന്താഗ്രസ്തനായ ശ്രീരാമൻ' എന്നിങ്ങനെ ചുരുക്കം ചില കൃതികൾ 'സീത'യുടെ പിന്നാലെ പോയിട്ടില്ലെന്നില്ല. രാമായണകഥാപാത്രങ്ങളെ ആസ്പദമാക്കിയുള്ള ഇത്തരം ഭാവകാവ്യങ്ങൾ മററിന്ത്യൻഭാഷകളിൽ സുലഭമാണു്. മഹാകവി കുമാരനാശാൻെറ സങ്കല്പസൃഷ്ടികളായ നളിനീദിവാകരന്മാരെ കേന്ദ്രമാക്കിക്കൊണ്ടുള്ള 'ദിവാകരചിന്ത' അവയിൽനിന്നെല്ലാം വ്യത്യസ്തവും സ്വതന്ത്രവും നൂതനവും ആണെന്നുള്ളതു് ഒരു വിശേഷമത്രേ.

സാത്ത്വികപ്രേമത്തിൻെറ പരമോച്ചദശയിൽ നിലക്കൊള്ളുന്ന നളിനീദിവാകരന്മാരെ ആർക്കും ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. ദിവാകരൻെറ 'ബാഹാന്തരം ചരമശയ്യയാക്കി'ക്കൊണ്ടു നളിനി ദേഹം വെടിഞ്ഞു എന്നും, അവളുടെ ജീവൻ, 'പരമാം മഹസ്സു തഴുകിക്കഴിഞ്ഞു'വെന്നും നമുക്കറിയാം. അതു് ഒരു സാധാരണമരണമായിരുന്നുവോ? നളിനിയുടെ 'ധ്യാനയോഗചരിതം' ഓർത്തു ദിവാകരന്നു 'മാനസം പരിപവിത്ര'മായതും ജന്മാന്തരീയ

അവൾ തല ചാച്ചു സിദ്ധി പ്രാപിച്ചതിനാൽ അദ്ദേഹത്തിൻെറ ശരീരം ഒരു 'മഹാതീൎത്ഥ'മായതും വിചാരിക്കുമ്പോൾ തീൎച്ചയായും അതൊരു മഹാസമാധിതന്നെയാണെന്നു നിശ്ചയിക്കാം. ഏറെ അപേക്ഷിച്ച് വളരെ ചുരുങ്ങിയ കാലത്തെ മാത്രം തപസ്സും സാധനയും നേടിയ നളിനിയ്ക്കു് അത്രയും മഹത്തായ ഒരു സമാധിസുഖം നിഷ്പ്രയാസം ലഭിച്ചതിൽ ദിവാകരനു ചാരിതാൎത്ഥ്യമുണ്ടായി. നളിനിയെപ്പോലൊരു ശിഷ്യയെ ലോകത്തിൽ ഒരാദ്ധ്യാത്മികാചാര്യന്നും കിട്ടിയിരിക്കയില്ലെന്നു് അദ്ദേഹം സന്തോഷിച്ചു. നളിനിയുടെ മോക്ഷസിദ്ധിയ്ക്കുശേഷം, 'അവനു പുനരമോഘലം പോയി നൂററാണ്ടു്'. അതിലിടയ്ക്കു് അദ്ദേഹത്തിന്നു് 'ലോകക്ഷേമകരമായ' പല കാൎയ്യങ്ങളും നിറവേററുവാനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ 'ചിത്തവൃത്തിയ്ക്കു്' അല്പമെങ്കിലും അഘലമേകുകയുണ്ടായില്ല, ഏകാന്താചരമായ വിഷയങ്ങൾ:' നളിനിയെക്കുറിച്ചുള്ള ചിന്ത അദ്ദേഹത്തിന്നു 'ശോക'മുണ്ടാക്കിയില്ല. അതുകൊണ്ടു് ഹൃദയത്തിന്നു് 'ശുദ്ധികൂട്ട'കയേ ഉണ്ടായുള്ളു. ഇത്രയും കാൎയ്യങ്ങൾ ദിവാകരൻെറ അനന്തരകാലജീവിതത്തെക്കുറിച്ചു മഹാകവി വ്യക്തമാക്കിയിട്ടുണ്ടു്. നളിനിയുടെ ചിത്രീകരണത്തിൽ കാണിച്ച വിശദത ദിവാകരൻെറ ആവിഷ്കരണത്തിൽ, ഒരു വേള, ആവശ്യമില്ലായിരിക്കാം, വിശേഷിച്ചും കാവ്യസമാപ്തിയിൽ ഒരു വിശദീകരണം വൃഥാസ്ഥൂലതയ്ക്കു കാരണമാകും. എന്നാൽ, ദിവാകരയോഗിയുടെ അനന്തരകാലജീവിതത്തെയും അക്കാലത്തു് നളിനിയെക്കുറിച്ചദ്ദേഹത്തിന്നുണ്ടായിരുന്ന ചിന്തയേയും സത്യമായി ഒന്നു വരഞ്ഞുകാണിക്കുവാൻ കൈമിടുക്കും കരളുറപ്പുമുള്ള ഒരു കവി കരുതിയാൽ, അതിൽ, നളിനീരസികന്മാർ സന്തോഷിക്കയും നളിനിയ്ക്കു് അത്യന്താപേക്ഷിത

മായ ഒരനുബന്ധമാണെന്നു സർവ്വാത്മനാ സമ്മതിക്കയും ചെയ്യാതിരിക്കയില്ല. മാത്രമല്ല, സംസ്കൃതവിവൎത്തനംകൊണ്ടു നളിനീകാവ്യവുമായി തന്മയീഭവിച്ച ഒരു ഹൃദയത്തിൽനിന്നാണ് അതു് ഉദിച്ചുവരുന്നതെങ്കിൽ നളിനീനിർവ്വിശേഷമായ ഒരു മമത അതിലും അവൎക്കുണ്ടാകാവുന്നതാണു്. കഥാപാത്രങ്ങളുടെ സ്വഭാവത്തിന്നു് ഒരു വാട്ടമോ കോട്ടമോ വരുത്താതെ ഏററവും വിദഗ്ദ്ധമായിത്തന്നെ ആ ചിത്രീകരണം സാധിച്ചിട്ടുണ്ടെങ്കിൽ, ഒട്ടും മടിക്കുകയില്ല, അതിനെ അവർ തലയിലെടുത്തുവെക്കുമെന്നുള്ളതും തീൎച്ച.

'ദിവാകരചിന്തയിൽ' ഗുരുക്കളുടെ ആത്മാംശംകൂടി ആവിഷ്കൃതമായിട്ടുണ്ടു് എന്നുള്ളതു് കാവ്യത്തിൻെറ രസനീയതയ്ക്കു മാററുകൂട്ടുന്നുണ്ടു്. ഭാവകാവ്യങ്ങൾക്കു് ആത്മാവിഷ്കരണം കുറേക്കൂടി അഭികാമ്യമാണല്ലോ. ദിവാകരയോഗിയുടെ ജീവിതത്തിലെ പല അംശങ്ങളും ഗുരുക്കളുടെ ജീവിതത്തിൽ ദൃശ്യമായിരുന്നു—ആ പാണ്ഡിത്യവും, ആ ബ്രഹ്മചര്യവും, ആ ലോകക്ഷേമൌത്സുക്യവും, ആ ശിഷ്യവാത്സല്യവും, ആ സാത്ത്വികസ്നേഹവും എല്ലാംതന്നെ. ജീവിതാദൎശവും രണ്ടുപേൎക്കും ഒന്നുതന്നെയായിരുന്നു എന്നു തോന്നും.

"വിജനസ്ഥനുമിങ്ങു വേണ്ടതാം
വിജയം സ്വീയസഗൎഭ്യഹേതുകം
നിജവൎഗ്ഗ ബലാവലംബിയാ-
യജനോർപ്പു നരവംശ മെപ്പൊഴും"

ശ്ലോ : 97

എന്നു ദിവാകരൻ പറയുമ്പോൾ ഗുരുക്കളുടെ ഹൃദയം ആത്ത്പുളകമാതിരിക്കയില്ല. കാരണം, വിജനസ്ഥനായി

ജീവിച്ചപ്പോഴും ഗുരുക്കൾ സഗർഭ്യസ്നേഹത്തെ സർവ്വോൽകൃഷ്ടമെന്നു കരുതിവന്നതു് ഒരു യാഥാർത്ഥ്യമാണു്. ഓരോ പദ്യമെടുത്തു നോക്കുമ്പോഴും ഗുരുക്കളുടെ ഹൃദയസ്പന്ദനത്തിന്റെ നേർത്ത നാദം അവിടെ അടിയിൽ അലതല്ലുന്നുണ്ടെന്നു കാണാം.

'ദിവാകരചിന്ത'യുടെ പല ഭാഗങ്ങളും, അതെഴുതുന്ന കാലത്തു്, പല പത്രങ്ങളിലും ഭാഗികമായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്. പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതു് ഇതാദ്യമായാണു്. കെ. വി. എം. എഴുതിയയച്ചിരുന്ന അവതാരിക ഏതോ കടലാസ്സുകെട്ടിന്നുള്ളിൽ വിശ്രമം കൊള്ളുകയായിരിക്കും; അതിനെ വിളിച്ചുണർത്തി വിഷമിപ്പിക്കുവാൻ തൽക്കാലം ഒരുങ്ങിയില്ല. 'ദിവാകരചിന്ത' ഏകാന്തമായിത്തന്നെ നടക്കട്ടേ.

പ്രസാധകർ

ദി വാ ക ര ചി ന്ത

ദിവാകരചിന്ത

ഇരവൊന്നി,ലൊരിയ്ക്ക,ലദ്ദിവാ-
കരനാം സംയമി വിശ്വവിശ്രുതൻ
വിരതാത്മവിചാരനായ്, സ്വയം,
പരമേതോ നിനവൊത്തിരിയ്ക്കയാം.

ടിപ്പണി—ശ്ലോ: 1. അദ്ദിവാകരൻ = മഹാകവി കുമാരനാശാൻെറ നളിനി എന്ന ഖണ്ഡകാവ്യത്തിലെ കഥാനായകനായ ദിവാകരയോഗി. വിരതാത്മവിചാരൻ = അദ്ധ്യാത്മചിന്തയിൽനിന്നു തൽകാലം വിരമിച്ചവൻ. സ്വയം = ബാഹ്യപ്രേരണകളൊന്നുമില്ലാതെ. പരമേതോ നിനവ് = പരമേ ആർക്കും അറിവാൻ വയ്യാത്ത അദ്ധ്യാത്മഭിന്നമായ ചിന്ത.

2

അനവദ്യതപസ്സ വാഴ്കുവോർ
തനതാം ശിഷ്യരകന്നിരിയ്ക്കയാൽ
ജനശൂന്യമതീവ ശാന്തമാ-
വനഭൂവും യമിപർണ്ണശാലയും.

3

വെളിയിൽക്കമനീയമാം ശിലാ-
തളിമത്തിൽ വ്രതി സന്നിഷണ്ണനാം
ഒളി തിങ്ങിയുദിച്ച പൊങ്ങുമ-
മ്പിളിയഢന്യനെയുററു നോക്കിനാൻ.

4

പടരും വനപുഷ്പസൗരഭം
തടവും ശീതളമാരുതാർഭകൻ
അടവൊത്തമലൻെറ നീണ്ടെഴും
ജടയിൽത്തൂങ്ങി രമിച്ചു നിർഭയം.

ശ്ലോ: 2. ആ വനഭൂവ് = 'നല്ല ഹൈമവതഭൂവ്' എന്നു വർണ്ണിയ്ക്കപ്പെട്ട തപോവനപ്രദേശം. 'ശിഷ്യർ അകന്നിരിയ്ക്കയാൽ' എന്ന പ്രസ്താവംകൊണ്ടു് ചിന്തയുടെ പശ്ചാത്തലം സൂചിപ്പിക്കുന്നു: നളിനി, അവളുടെ തപഃശുദ്ധത, അവൾ പ്രാപിച്ച നിർവ്വാണം മുതലായവ.

ശ്ലോ: 3. ശിലാതളിമം = കൽത്തറ. വെളിയിൽ = അദ്ധ്യാത്മഭിന്നമായ ചിന്തയ്ക്കു് ആശ്രമാന്തർഭാഗം അനുയോജ്യമല്ലായ്കയാൽ പുറത്തൊരിടത്തു്. അമ്പിളി, ആകാശത്തിൻെറ നൈർമല്യം മുതലായവ ചിന്തയുടെ ഉദ്ദീപകങ്ങൾ.

ശ്ലോ: 4. നിർഭയം = യോഗിയുടെ ചിന്താമഹത്ത്വം നിമിത്തം അന്യകാര്യപ്രസക്തനാകയില്ലെന്ന ധാരണയോടെ. 'വനപുഷ്പസൗരഭം'കൊണ്ടു് നളിനിയുടെ ഗുണവിശേഷങ്ങളെ സൂചിപ്പിച്ചിരിക്കുന്നു.

PUBLIC LIBRARY KOTTAYAM.

5

യതിയാ പ്പ്രകൃതിപ്രശോഭ പാ-
ത്തതിവേലം സുഖമാസ്വദിയ്ക്കവേ,
സ്മൃതിമാർഗ്ഗമലങ്കരിച്ചു വി-
ശ്രുതി ചേരും നളിനീഗുണോൽകരം.

6

കരളൊട്ടു കുളിർക്കവേ, മനോ-
ഹരമാം കാഴ്ച്ച നിരന്നു കാൺകവേ
സ്മരണങ്ങളുദിച്ചു വന്നതി-
ത്തരമാണന്നു യതിയ്ക്കുനൾ്ഗളം:

7

“വിനതൻകടമറ്റംപ്പടപ്പിലെൻ-
നിനവാലേറെ നയിച്ചു നാളുകൾ
അനഘാശയ ചേർന്നൊട്ടക്കമെ-
പ്പുനരാവൃത്തിവിഹീനമാം പദം.

ശ്ലോ: 5. പ്രകൃതിപ്രശോഭ = ചന്ദ്രമാരുതാദികളുടെ ആക ഷ്കത്വം. നളിനീഗുണോത്കരം = നളിനീകാവ്യത്തിലെ നായികയായ നളിനിയുടെ ഗുണവിശേഷങ്ങൾ. ഗുണോ ത്കരം മാത്രമോക്കുന്നതുകൊണ്ടു് ദിവാകരൻെറ സാത്ത്വി കത്വം വ്യഞ്ജിക്കുന്നു.

ശ്ലോ: 6. “രമ്യാണി വീക്ഷ്യ, മധുരാംശ്ച നിശമ്യ ശബ്ദാ ൻ പര്യുത്സുകീഭവതി യത്സുഖിതോപി ജന്തുഃ” എന്ന ആ ശയം സ്മരിച്ചിരിക്കുന്നു.

ശ്ലോ: 7. എൻനിനവു് = ദിവാകരനെക്കുറിച്ചു നളിനി ക്കുണ്ടായ ചിന്ത.

8

"ഒരു പത്തു ശതാബ്ദിയാലുമേ
പുരുപുണ്യതികവൊത്ത ധീരനും
വരുവാനരുതാത്ത നിഷ്കളം
ഗുരുബോധം ഞൊടികൊണ്ടിയന്നവൾ.

9

"ശ്രുതതത്ത്വവിശീർണ്ണശങ്കയായ്
സ്ഥിതധീയായ് വിലസിച്ചൊരാ സ്ഥിതി
അതഥാവിധദർശനത്തിനാൽ
വിതതം കൌതുകമേററിടുന്നു, മേ.

10

"വനദേശമതിൽബ്ഭവിച്ചതും
നിനയാതുള്ളൊരു തൽസമാഗമം
ഘനമാം കദനം കരിച്ച ത-
ന്മനമസ്സാധ്വി തുറന്നുരച്ചതും

ശ്ലോ: 8. ഗുരുബോധം = പരമാത്മജ്ഞാനം. പുണ്യപൂത്തിയും ധീരതയും തികഞ്ഞവർക്കുകൂടി ജ്ഞാനസിദ്ധി എളുപ്പമല്ല; നളിനിയ്ക്കുതു് നിഷ്പ്രയാസം സാധിച്ചു എന്നതു് ദിവാകരന്നു് അസൂയ ജനിപ്പിക്കുന്നു.

ശ്ലോ: 9. ശ്രുതതത്ത്വവിശീർണ്ണശങ്ക = ഉപനിഷത്തത്ത്വങ്ങളറിഞ്ഞതിനാൽ സംശയങ്ങൾ നശിച്ചവൾ. സ്ഥിതധീ = ദുഃഖങ്ങളിൽ ഉദ്വേഗമില്ലാതെയും, സുഖങ്ങളിൽ തൃഷ്ണയില്ലാതെയും, രാഗഭയക്രോധങ്ങളററും ഇരിക്കുന്ന ആൾ. അതഥാവിധദർശനത്തിനാൽ = നളിനിയിൽകണ്ട പ്രബുദ്ധതയും, മുനിത്വവും അനന്യസാധാരണമാണു്; അതിനാൽ. നളിനിയുടെ അവസ്ഥ ദിവാകരന്നു കൌതുകം വളർത്തുന്നു.

ശ്ലോ: 10. ഘനമാം കദനം കരിച്ച തന്മനം = 'പഞ്ചവൃത്തികളടക്കി' തപസ്സനുഷ്ഠിച്ച അവളുടെ ആശയം.

38144

11

"മറതൻപൊരുളോർത്തു പിന്നെയ-
ക്കറ തീണ്ടാത്ത സുഖം നുകൎന്നടൻ
തിറമായ് മമ മാറിൽ വീണതും
മുറപോൽ തൽക്രിയ ചെയ്തു തീർത്തതും

12

"പുതുതായ് സ്ഥടമിന്നുതാൻ നട-
ന്നതുപോലുണ്മിഴി കണ്ടിടുന്നു, മേ;
കുതുകാത്ഭുതമേററ മേററിയു-
ള്ളതു മർത്ത്യനു മറന്നിടാവതോ?

(വിശേഷകം)

13

"പലതിത്തരമപ്രതീക്ഷിതം
ചിലപോതത്ഭുതമുത്ഭവിച്ചിടാം;
നിലയിന്നതിനിന്നതെന്നറി-
ഞ്ഞലയാതുള്ളവരില്ല പാരിതിൽ.

ശ്ലോ: 11. കറ തീണ്ടാത്ത സുഖം = മുക്തി.

ശ്ലോ: 12. ഉണ്മിഴി = ഉള്ളാകുന്ന മിഴി (ഉൾക്കണ്ണു്)

ശ്ലോ: 13. ഓരോന്നിൻെറയും ഭാവി ഇന്നതെന്നു അനുഭവിച്ചു കണ്ടു വിഷമിക്കുവാനല്ലാതെ മുൻകൂട്ടി കണ്ടു് ഒഴിവാക്കുവാൻ സാധിക്കുന്നവർ വളരെ ദുർല്ലഭമാണു്.

38144

14

"അവബോധമൊരാളുമാന്നിടാ-
തവനീകമ്പമുദിപ്പു, സത്വരം;
നവമാം നിധി കാണ്മൂ, നിസ്സ്വതാ-
വിവശൻ യാത്രയിലോർത്തിടാതെതാൻ.

15

"പിടയുന്നതിനെന്മനസ്സിനി-
ന്നിടയായ് തെല്ലതു കണ്ടതല്ല ഞാൻ;
കടലിന്നടി പൂണ്ട നില്പിനും
തടയാമോ ഭവിതവ്യതാബലം ?

16

"കുജഗോളമതിൽ കടന്നു ത-
ദ്വിജനസ്ഥാനമണഞ്ഞൊളിയ്ക്കിലും
നിജകർമ്മമൈന്ദ്രജാലികൻ
സജവം മാനുഷനെപ്പിടിച്ചിടും.

ശ്ലോ: 14. അവബോധം = അറിവ്. ഭൂകമ്പം അനുഭവപ്പെടുന്നതു് അപ്രതീക്ഷിതമായാണ്; ദരിദ്രനു നിധി കിട്ടുന്നതു് മുന്നറിവോടുകൂടിയല്ല.

ശ്ലോ: 15. യോഗിയുടെ മനസ്സും പതറിപ്പോയി; സംഭവിക്കേണ്ടതു് കടലിന്നടിയിലിരുന്നാലും സംഭവിക്കതന്നെ ചെയ്യും.

ശ്ലോ; 16. തദ്വിജനസ്ഥാനം = കുജഗോളത്തിലെ ഏകാന്തസ്ഥലം. നിജകർമ്മമൈന്ദ്രജാലികൻ = സ്വന്തം കർമ്മമാകുന്ന ഇന്ദ്രജാലവിദഗ്ദ്ധൻ. സജവം = സത്വരം.

17

"മുള പൊട്ടി വഹിച്ച മുൽകട-
പ്രളയോഷ്മാവു മെരിച്ചിടാതെയും
വളരുന്നിതു കർമ്മബീജ മി-
പ്പിളയിൽ കാണുകയില്ല മാനുഷൻ.

18

"ഭൃശദുഃഖിതയന്നു യോഗിനീ-
വശയാകാഞ്ഞിലതേതു രംഗമാം ?
വിശദം വിധിതൻകരത്തിലെ-
ക്കശയാൽത്താൻ ഗതി കൊൾവു ജീവികൾ.

19

ധൃതിലോപമിയന്നശങ്കയായ്
മതി വെച്ചാളവളാത്മഹത്യയിൽ
ക്ഷതിയെന്തു നിരാശയാൾക്കിതിൽ ?
ശ്രുതി കെട്ടാൽ പുലി പുല്ലുതിന്നുമേ.

ശ്ലോ: 17. ഉൽകടപ്രളയോഷ്മാവ്=ശക്തിമത്തായ പ്രളയാഗ്നിയുടെ ചൂട്. കർമ്മബീജം = കർമ്മവാസനയാകുന്ന വിത്ത്.

ശ്ലോ: 18. ഭൃശദുഃഖിത = ഏററവും അഴൽ പൂണ്ടവൾ. യോഗിനീവശ = യോഗിനിയുടെ കൈയിൽ അകപ്പെട്ടവൾ. നളിനിയുടെ ജീവിതഗതി മാററി മറിച്ചതു് യോഗിനിയാണല്ലോ. കരത്തിലെക്കശ = കയ്യിലെടുത്തിട്ടുള്ള ചമ്മട്ടി.

ശ്ലോ: 19. ധൃതിലോപം = ധൈര്യഭംഗം. മതി വെക്കുക = നിശ്ചയിക്കുക.

20

“പ്രഥമാനഗുണാഢ്യയാളസൽ-
പഥമൊന്നിത്തരമോർത്തതല്ഭുതം!
അഥവാ സുവിപക്വമായിടാം
പ്രഥമോദ്ധൃപ്തവയസ്സിലേ മനം!

21

“അരിയോരലിവിൻപയോധിയാം
ഗിരിജാചാര്യ മഹാനുഭാവ താൻ.
തിരിയും ചുഴലിയ്ക്കു തെന്നലായ്-
ത്തിരിയാററായതു തന്നിമിത്തമാം.

22

“ഉചിതം സതി വീടു വിട്ടുതാൻ
രുചിരം ശാന്തിപഥം തുടന്നതും;
രുചിയെങ്ങു കുറഞ്ഞിടും,ഗൃഹാ-
ശുചിയാം മർത്ത്യന്ന ഭോഗരാശിയിൽ?

ശ്ലോ: 20. പ്രഥമാനഗുണാഢ്യയാൾ = മികച്ച ഗുണവിശേഷങ്ങളുള്ളവൾ. അസൽപഥം = തെററായ വഴി (ആത്മഹത്യാശ്രമം) പ്രഥമോദ്ധൃപ്തവയസ്സ് = അഹന്ത കലന്ന ചെറുപ്പകാലം. സുവിപക്വം = വേണ്ടത്ര പാകത വന്നതു്.

ശ്ലോ; 21. ഗിരിജാചാര്യ = ഗിരിജയെന്ന യോഗിനീദേവി. ചുഴലിക്കാററിനെ തെന്നലാക്കി മാററിയതു് ആ ആചാര്യയാണു്.

ശ്ലോ: 22. ഗൃഹാശുചി = ഗൃഹസ്ഥജീവിതത്തിൻെറ അഴക്കു പുരണ്ട ആൾ. ഭോഗങ്ങളിൽ വിരക്തിയുണ്ടാകുന്നതിന്നു വീടു വിടുന്നതു് നന്നു്.

23

“ക്രമമായ് വളരുന്നതെപ്പൊഴും
സുമഹാവീര്യ ശമാഭിധൌഷധി?
സുമവാടിയിലല്ല, നിത്യദു-
ഗ്ഗമമാം കാനനഭൂതലത്തിലാം.

24

“സുരധേനു നരക്കു ശാന്തി യെ-
ന്നുരചെയ്യുന്നു വിശേഷവേദികൾ;
പരമാത്മമി—തശ്ശമത്തിനാൽ-
ത്തരമാകാത്ത വിഭൂതി യെന്തുവാൻ ?

25

“ക്ഷിതിയിൽദ്ദൃഢശാന്തി ബിംബമാം;
പ്രതിബിംബം നിജമായിടാം സുഖം.
കൃതികൾക്കിവ രണ്ടുമൊന്നു താ-
നതിസാമ്യപ്രതിപത്തിമൂലമായ്.

ശ്ലോ: 23. ശമാഭിധൌഷധി = ശമം എന്ന പേരുള്ള ഓഷധി. പൂന്തോട്ടത്തിലിരുന്നാൽ മനശ്ശാന്തി കിട്ടില്ല; വനവാസംതന്നെ അതിന്നു ത്തമം.

ശ്ലോ: 24. സുരധേനു = അഭീഷ്ടം നൽകുന്ന കാമധേനു. ശമം = ശാന്തി. മനുഷ്യലോകത്തിൻെറ വിഭൂതികൾക്കവലംബം ശാന്തിയാണു്.

ശ്ലോ: 25. ശാന്തി ബിംബവും, സുഖം അതിൻെറ പ്രതിബിംബവുമാണെന്നു പറയാം. ഒന്നു കാരണവും മററതു കാര്യവുമെന്നു താൽപര്യം

26

"കനിവേറിന ശാന്തിദേവിതൻ-
തനി മൂർത്ത്യന്തരമാം വിരാഗിത;
ഇനിയോരമൃതൂട്ടി മാന്യരാം
മുനിവര്യർക്കുയിരേകി നില്പവൾ.

27

"അഴലിൻകറ ചെററു തട്ടിടാ-
തഴകേറുന്ന സമുന്നതം സുഖം
നിഴൽപോലിഹ പിൻതുടന്നിടാം
പിഴ പററാത്ത മഹാവിരക്തിയെ.

28

"അഭയം നരനേററിടുന്നതും
ശുഭസമ്പുഷ്ടവിരക്തി മാത്രമാം;
സുഭഗവ്യജനങ്ങളും ശശി-
പ്രഭമാം ഛത്രവുമല്ല നിർണ്ണയം.

ശ്ലോ: 26. ശാന്തിയുടെ മറെറാരു രൂപമാണ് വൈരാഗ്യം. മുനീന്ദ്രന്മാരുടെ നിലനില്പിന്നു കാരണം വൈരാഗ്യമാകുന്നു.

ശ്ലോ: 27. വിരക്തിയുണ്ടെങ്കിൽ അതിൻെറ പിന്നാലെ ശാശ്വതസുഖവും ഉണ്ടായിക്കൊള്ളും.

ശ്ലോ: 28. അഭയം = നിർഭയത്വം. വ്യജന (താലവൃന്ത)വും ഛത്ര(വെൺകൊററക്കുട)വുമല്ല വിരക്തി മാത്രമാണ് മനുഷ്യന്നു നിർഭയത്വം നൽകുന്നതു്.

29

"അതിദീർഘവിയോഗ മാന്നൊരെൻ-
സ്ഥിതി തെല്ലും ഗ്രഹിയായ്കഹേതുവാൽ
മതിശാലിനിയന്നു സാദരം
നതിചെയ്താറം കഴൽ തൊട്ടിടാതെ താൻ.

30

"പെരുമാറുക യുക്തമാം സ്വയം
കരുതി ത്താനറിവോളമന്യനെ;
ഇരുളിൽക്കനലും തിളക്കമൊ-
ന്നൊരു കല്ലും നരനൊന്നുപോലെയാം.

31

"പറവാൻ തുനിയുമ്പൊഴെൻറയു-
ള്ളറ കാണായ്കനിമിത്തമന്നവർ
നിറയും ഭയവും വിശങ്കയും
തിറമായ് പൂണ്ടഴലിൽക്കുടുങ്ങിനാർ.

ശ്ലോ: 29. നതിചെയ്യുക = കുമ്പിടുക; നമസ്കരിക്കുക.

ശ്ലോ: 30. കല്ല് = രത്നക്കല്ല്. തീക്കനലും രത്നക്കല്ലും വേർതിരിച്ചറിഞ്ഞു വേണ്ട വിധം പെരുമാറണം; അന്യരുമായി അടുത്തു പെരുമാറുന്നതിന്നും ആളുകളെ അറിവാൻ സാധിക്കണം.

ശ്ലോ: 31. "തന്നതില്ല പരനുള്ളു കാട്ടുവാൻ ഒന്നുമേ നരനുപായമീശ്വരൻ" എന്നു നളിനി ആവലാതിപ്പെട്ടിട്ടുണ്ട്.

32

"വിരുതാലപരേംഗിതത്തിനു-
ള്ളൊരു നില്ലൊട്ടറിയാത്ത ഭാഷണം
കരുടൻ പശുവിൻെറ വാൽ പിടി-
ച്ചുരുവേഗം നട കൊൾവതല്ലയോ ?

33

"അവളന്നു മൊഴിഞ്ഞ സാന്ദ്രമാം
നവ ചൈതന്യമെഴുന്ന വാക്കുകൾ
അവധാന സമേത മെന്നു മീ-
യവനീവാസികളോർക്കവേണ്ടതാം.

34

"ദളിതാശ്യ ചൊല്ലിയില്ലഹോ
ഗളിതൌചിത്യ മൊരൊററ വണ്ണവും
നളിനത്തിനു വാട്ടമേല്ക്കിലും
പുളിനീരല്ലതിലൂറിടുന്ന തേൻ.

ശ്ലോ: 32. അപരേംഗിതത്തിൻെറ നില്പ്=മററുള്ളവരുടെ മനോവിചാരത്തിൻെറ നില. ശ്രോതാവിൻെറ ഇച്ഛയെന്തെന്നറിയാത്ത സംഭാഷണം, അന്ധൻ ഗോലാംഗൂലം പിടിച്ചു നടക്കുന്നതിന്നു തുല്യമത്രേ.

ശ്ലോ: 33. അവധാനസമേതം=സശ്രദ്ധം.

ശ്ലോ: 34. ഗളിതൌചിത്യം=ഔചിത്യമില്ലാത്തതു്.
ദളിതാശയ=വിളന്ന ഹൃദയത്തോട്ടുകൂടിയവൾ.

KOTTAYAM PUBLIC LIBRARY

35

"കട്ടകോളമൊരൊററ ദോഷമാ-
പ്പെട്ടകില്ലോക്കുകി ലേതു കണ്ണിലും
പട്ട ഭാഷിണിയെത്ര ധന്യ; ഞാൻ
കട്ടവാക്കോതിയതില്ല, ഭാഗ്യമായ്‌ !

36

"കനൽപോലഴൽ നീററിട്ടമ്പൊഴും
കനയത്തിൽപ്പദമൂന്നിയില്ലവരം;
വിനയാഭിധദീപമേന്തിട്ടം
ജനമെന്നും ശുഭമാർഗ്ഗഗാമിയാം.

37

"ശരിയായ്‌ ഹൃദയത്തിനിത്തരം
പരിപാകം ഭുവി കാൺക ദുല്ലഭം
ഗരിമാവിതു വാസനാപ്തമോ ?
ഗിരിജാനുഗ്രഹഭാഗ്യലബ്ധമോ ?

ശ്ലോ: 35 ഓക്കുകിൽ = ചിന്തിക്കുകയാണെങ്കിൽ. ആപ്പെട്ടക = അകപ്പെട്ടക, എത്ര ചിന്തിച്ചാലും, നളിനി പറഞ്ഞ വാക്കുകളിൽ, ഒരാൾക്കും ദോഷം കണ്ടെത്താൻ കഴിയുകയില്ല; അവൾ ചതുരഭാഷിണിയാണ്‌.

ശ്ലോ: 36. വിനയാഭിധദീപം = വിനയം എന്ന വിളക്ക്‌.

ശ്ലോ: 37. പരിപാകം = പക്വത. ഗരിമാവ്‌ = ഗൌരവം. ഗിരിജ = യോഗിനി—നളിനിയുടെ ആചാര്യ.

38

"മരുവീ ശുഭവൃത്തി നാട്ടില-
ന്നൊരു സാധാരണബാലതന്നെയായ്;
കരുവിൻമുള ഭാവിമേന്മതൻ-
കരുവായ് കാണ്മതു സാദ്ധ്യമാകുമോ?

39

"ബലവായ്പിയലും ഗുണങ്ങൾതൻ-
ചില രൂപങ്ങളഹോ, കുമാരിയിൽ
വിലസിച്ചതു മന്നു, കാണ്മു ഞാ-
നലമോർക്കുമ്പൊഴതിന്നു മേല്ക്കുമേൽ.

40

"ശരി, നാം നടകൊണ്ടിടും വഴി-
യ്ക്കരികിൽത്താൻ ചില വസ്തുസഞ്ചയം
വിരിവാന്നു കിടന്നിടാം; മനം
തിരിയാഞ്ഞാലതി ലെന്തറിഞ്ഞിടും?

ശ്ലോ: 38. ശുഭവൃത്തി = ഉൽകൃഷ്ടശീലങ്ങളുള്ളവൾ.

ശ്ലോ: 39. ബലവായ്പിയലുന്ന = ബലിഷ്ഠമായ. നളിനി യിൽ കുട്ടിക്കാലത്തുതന്നെ ഉൽകൃഷ്ടഗുണങ്ങളുടെ അപൂർണ്ണ രൂപങ്ങളുണ്ടായിരുന്നെന്നു് ഇപ്പോൾ ദിവാകരന്നു് ഊഹി പ്പാൻ കഴിയുന്നുണ്ടു്.

ശ്ലോ: 40. നിത്യം പരിചയിക്കുന്ന വസ്തുക്കളും അറിയണ മെന്നാഗ്രഹിച്ചുനോക്കിയാലേ ദൃഷ്ടിയിൽ പതിയുന്നുള്ളു.

41

"മെഴുകുണ്ടയിലപ്രദൃശ്യമാ-
യഴകിച്ചേർന്ന സുവർണ്ണരേണുപോൽ
തഴകാമവർം ബാലയായിടും-
പൊഴുതബ്ഭാവിഗുണോത്കരം സ്വയം.

42

"അണയാതെയൊളിഞ്ഞു നിന്നിടും
ഗുണദോഷങ്ങളഹോ ശരീരിയിൽ
അണയുന്നു വെളിയ്ക്കു തൽക്ഷണം
തുണയായ് വ്യഞ്ജകവസ്തു നില്ക്കവേ.

43

"ഇളകാത്ത ഗരിഷ്ഠസൗഭഗം
വിളയും പ്രേമവിശേഷമാന്നതിൽ
കളഭാഷിണിയെ സ്മരിയ്ക്കുമേ
പുളകം പൂണ്ടു മഹാവിശിഷ്ടരും.

ശ്ലോ: 41. അപ്രദൃശ്യം = നന്നായി കാണുവാൻ കഴിയാത്തതു്. സുവർണ്ണരേണു = സ്വർണ്ണം രാകിയ പൊടി.

ശ്ലോ: 42. വ്യഞ്ജകവസ്തു = വ്യഞ്ജിപ്പിക്കുവാൻ സഹായകമായ വസ്തു.

ശ്ലോ: 43. നളിനിയുടെ സ്നേഹം ലോകോത്തര സൌന്ദര്യമുള്ള ഒന്നാണു്. അതിനാൽ ലോകത്തിലാരും ആ നായികയെ രോമാഞ്ചത്തോടെ മാത്രമേ സ്മരിക്കുന്നുള്ളു.

44

"വിമലാംഗിയെടുത്തു കാട്ടിനാ-
ളമലസ്നേഹ വിശിഷ്ടമാതൃക;
സുമനസ്സുകൾ സഞ്ചരിയ്ക്കുവേ
കമനീയം വഴി കണ്ടിടാം ഭുവി.

45

"നിലയാദി വെടിഞ്ഞു പോന്നൊരെൻ-
നിലയെന്തെന്നറിയാതിരിയ്ക്കിലും
ചലനം കലരാത്ത നിർഭരോ-
ജ്ജ്വലമാം സ്നേഹമിയന്നു വാണവൾ.

46

"മികവൊത്തതിമാത്ര ബന്ധമാ-
മകളങ്കപ്രിയ ഭാവ മൂഴിയിൽ
അകലും തരുബീജമെന്നപോൽ
സ്വകപാത്രസ്ഥിതി പിന്നെയോർത്തിടാ.

47

"ഇയലാം ഗതിയാംവിധത്തിലും
പ്രിയതയ്ക്കെന്നതു യുക്തമെത്രയും;
നിയതിയ്ക്കു വശംവദൻ നരൻ
സ്വയമേ പോംവഴി നൈകഭേദമാം.

ശ്ലോ: 44. സുമനസ്സുകൾ = ദിവ്യജനങ്ങൾ.

ശ്ലോ: 45. നിലയാദി = വീട്, കുടുംബം മുതലായ ബന്ധഹേതുക്കൾ. ചലനം കലരാത്ത = അചഞ്ചലമായ.

ശ്ലോ: 46. പ്രിയഭാവം = പ്രേമം

ശ്ലോ: 47. നൈകഭേദം = അനേകഭേദങ്ങളുള്ളതു്. പ്രിയത = പ്രേമം.

48

"ഹൃദയത്തിന്നു നിത്യഭൂഷണം
മദരോഷാദിമരോഗഭേഷജം
പദമാത്മസുഖത്തിനിങ്ങു, സൗ-
ഹൃദമോഹന്ത, മഹാർഹവസ്തു താൻ!

49

"പ്രകൃതിയ്ക്കതിലാണു നില്പ, തിൽ-
സ്സുകൃതിയ്ക്കേ മനമെന്നുമെത്തിടൂ;
വികൃതിയ്ക്കതു പാത്രമല്ലതോ
നികൃതിയ്ക്കുത്ഭുതവജ്രപാതമാം!

50

"കരുതാം പ്രണയം സ്വകാമിതം
വരുവാനുള്ളൊരുപായമായ് ച്ചിലർ;
അരുതായതു; ജീർണ്ണമൂലമാം
തരുപോൽ വീണു തകർന്നു പോയിടും.

ശ്ലോ: 48. മദരോഷാദിമ രോഗ ഭേഷജം = മദം രോഷം മുതലായവയാകുന്ന രോഗങ്ങൾക്കു് ഔഷധം. പദം = അടിസ്ഥാനം.

ശ്ലോ: 49. വികൃതിയ്ക്കതു പാത്രമല്ല = അതു് വികാരവിധേയമല്ല. നികൃതി = തിരസ്കാരം.

ശ്ലോ: 50. ജീർണ്ണമൂലം = അടി തുരമ്പിച്ചുപോയതു്.

51

"അതിനില്ല വിശുദ്ധിയേതുമേ
മതിമാന്മാർക്കു കാമ്യമായിടാ;
ചതിയും സ്ഥിരമാമസൂയയും
പതിവായ്ത്താനതിയന്നു ദുഷ്ടമാം!

52

"പ്രണയത്തിനു പാത്രവർത്തിയാം
ഗുണമാകേണമുപാത്തകാരണം;
അണയും രസമൊത്തതാകിലോ
ഗണനീയത്വമതിന്നു വേറെയാം.

53

"കലജാംഗനയാൾ വഹിച്ച നിർ-
മ്മലമാം പ്രേമമതീവ മോഹനം;
വിലയോതുക വയ്യതിന്നതിൻ-
നിലയോ മാനുഷലോകദുർല്ലഭം.

ശ്ലോ: 51. സ്വാർത്ഥപരമായ പ്രണയം അശുദ്ധമാണ്. ചതിയും അസൂയയും കൊണ്ട് അതു ദുഷ്ടമാണ്.

ശ്ലോ: 52. പാത്രവർത്തിയാംഗുണം = വ്യക്തിഗതമായ സത്സ്വഭാവം. ഗണനീയത്വം = ഉൽകർഷം.

ശ്ലോ: 53. വില യോതുക വയ്യ = നിർമ്മലസ്നേഹത്തിൻെറ വില അപരിച്ഛേദ്യമാണ്.

54

"അതു വാസനയിൽ സ്ഫുടിച്ചതാ-
ണതുലം തദ്രുചി പാർത്തു കാണുകിൽ
പുതു പൊമ്പനിനീരലർക്കെഴും
ചതുരാകർഷക ഭാവമുണ്ടതിൽ !

55

"വിഷയേച്ഛ തഴച്ച സൗഹൃദം
തുഷപോൽ ഹന്ത! കഴമ്പെഴാത്തതാം;
വിഷമാണ, ത, തിൽക്കുടുങ്ങിയാൽ
വിഷമിയ്ക്കും നരർ, മൂർച്ഛ പൂണ്ടിടാം !

56

"മിഴിവാർന്നൊരു ഭൗതികേച്ഛതൻ-
ചുഴിയിൽ പ്രേമമതാഞ്ഞു പോവതും
മിഴിവെച്ചു മനസ്സിലാക്കി, നേർ-
വഴി കാണിച്ചു തിരിച്ചു വിട്ടു ഞാൻ.

ശ്ലോ: 54. സ്ഫുടിയ്ക്കുക = വികസിക്കുക.

ശ്ലോ: 55. വിഷയേച്ഛ തഴച്ച സൗഹൃദം = മാംസനിബദ്ധമെന്നു പറയപ്പെടുന്ന രാഗം. തുഷ = ഉമി.

ശ്ലോ: 56. ആഞ്ഞുപോവുക = വലിയ്ക്കപ്പെട്ടുപോകുക. മിഴിവെച്ചു = സൂക്ഷ്മദൃഷ്ടിയോടെ. മിഴിവാർന്ന=ശക്തിമത്തായ.

57

"അറിവേറിന ശുദ്ധസത്ത്വരും
കുറിയേതോ പ്രണയപ്രവൃത്തിയിൽ
അറിയാതെ വഹിച്ചിരുന്നിടാം
നെറിയായ് പാലതിൽ വെണ്ണ പോലവേ.

58

"മൊഴിയാനരുതാത്ത മേന്മയും
പഴി ചൊല്ലാൻ കഴിയാത്ത ശുദ്ധിയും
ഒഴിയാത്ത കരുത്തു മൊത്തുതാൻ
വഴിയും പ്രേമമതെന്നു കണ്ടു ഞാൻ.

59

"ഇണ ചേർന്നൊരു ജീവിയാവണം
പിണയാതായ് വരണം വിയോഗവും
പ്രണയം പ്രണയത്തിനുള്ളതാ-
കണമിമ്മട്ടവളോർത്തിരുന്നിടാം.

ശ്ലോ: 57. ശുദ്ധസത്ത്വർ = പരമസാത്ത്വികന്മാർ. കുറി= നിശ്ചയം. സത്ത്വശുദ്ധരായ മഹാന്മാരും പ്രേമത്തിന്നു് വിധേയരായിപ്പോകും.

ശ്ലോ: 58. മൊഴിയാനരുതാത്ത = അനിർവചനീയമായ. പഴിചൊല്ലാനരുതാത്ത = കുററം പറവാൻ കഴിയാത്ത.

ശ്ലോ: 59. വിയോഗം = വേർപാട്. പിണയുക = വന്നു് പെട്ടുക.

60

"മഹനീയചരിത്ര വിട്ടു തൻ-
ഗൃഹവും വന്ദ്യപിതാക്കളേയുമേ
ഗഹനത്തിലണഞ്ഞു ഭൗതിക-
സ്പൃഹ തീണ്ടാതെ തപിച്ചു സുവ്രത.

61

"അനിയന്ത്രണ മാ മഹാമന-
സ്വിനിതൻകർമ്മമശുദ്ധമല്ല താൻ;
വിനിപാതമൊരിയ്ക്കലും നര-
ക്കനിവാര്യം പ്രണയാജ്ഞ ചേർത്തിടാ.

62

"പതിയുന്നു മനുഷ്യസൗഹൃദം
പ്രതിപാത്രം ധൃതഭിന്നരൂപമായ്;
ഇതിനെന്തൊരു ഹേതു ? പൂർവ്വസം-
സ്കൃതിതൻവൈഭവമായിരിയ്ക്കുമോ ?

ശ്ലോ: 60. മഹനീയചരിത്ര= മഹനീയമായ ചരിത്രത്തോടുകൂടിയവൾ. പിതാക്കൾ=മാതാപിതാക്കൾ. ഗഹനം= വനം. തപിയ്ക്കുക=തപസ്സനുഷ്ഠിക്കുക.

ശ്ലോ: 61. വിനിപാതം=വിനാശം.

ശ്ലോ: 62. പ്രതിപാത്രം=പ്രതിജനം. (ഓരോ ആളിലും) പൂർവ്വസംസ്കൃതി=പൂർവ്വജന്മസംസ്കാരം.

63

"പരമപ്രണയാഞ്ജനത്തിനാൽ–
ധരയിൽ ക്കാണ്മൊരു ലോചനങ്ങളിൽ
ഗരളം സുധയായ് ലസിച്ചിടാം;
നരകം നാകവുമായി മാറിടാം.

64

"തരമായ് ഫലിയായ് വരായ്കിലോ
സ്ഥിരനൈസർഗ്ഗികരാഗമാക്കമേ
തിരളും തിമിരം നിറഞ്ഞ ഭീ–
കരമാം കാട്ടലകെന്നു തോന്നിടാം.

65

"അലയാഴി മറിച്ചു നീന്തിയും
മലയെല്ലാമടിവെച്ചടച്ചുമേ
ഉലയാതെ കുതിച്ചു പോം മനാ–
വിലമാമുത്തമരാഗമെപ്പൊഴും.

ശ്ലോ: 63. ഗരളം = വിഷം. സുധ = അമൃതു്. അഞ്ജനം കണ്ണിന്റെ കാഴ്ച വദ്ധിപ്പിക്കുന്നു.

ശ്ലോ: 64. ഫലി = ഫലവത്തു്. നിരാശരായ ആളുകൾക്കു ലോകം അന്ധകാരപൂർണ്ണമായ കാടായിത്തോന്നാം.

ശ്ലോ: 65. അനാവിലവും ഉത്തമവുമായ രാഗം, സമുദ്രങ്ങളെയും പർവ്വതങ്ങളെയും വകവെക്കാതെ മുന്നോട്ടു പോകും.

66

"ഘനഭീകരമാം വിപത്തുതൻ-
കനലിൽപ്പോലുമെരിഞ്ഞിടാതെതാൻ
അനവദ്യനികാമശോഭമാം
മനമേ കാക്കുകയുള്ള സൗഹൃദം.

67

"യതമാം ഹൃദയം തകപ്പതോ
ബത! നാരീജനസന്നികർഷമാം;
ഇതഹോ, തെളിയിച്ചു ഗാധിതൻ-
സുതനും മററു മഹാമുനീന്ദ്രരും.

68

"അതിനാലവിടം വിടേണ്ടതി-
ന്നതിമാത്രം ത്വര പൂണ്ടിരുന്നു ഞാൻ;
സതിയേററ മുഴററമോടെ മേ
ഗതി കാലിൽ പ്പിടികൂടി നിത്തിനാൾ.

ശ്ലോ; 66. അനവദ്യം=നിർദ്ദോഷം. പരിശുദ്ധമായ ഹൃദയത്തിന്നു മാത്രമേ ഉത്തമസ്നേഹത്തെ നിലനിത്തുവാൻ സാധിക്കുകയുള്ളൂ.

ശ്ലോ: 67. യതം=അടക്കിനിത്തപ്പെട്ടതു്. സന്നികർഷം= സാന്നിദ്ധ്യം. ഗാധിസുതൻ=വിശ്വാമിത്രൻ.

ശ്ലോ: 68. അതിനാൽ=നാരീജനസന്നികർഷം യതമായ ഹൃദയത്തെ തകത്തുകളയുമെന്നതിനാൽ. ത്വര=ബദ്ധപ്പാടു്.

69

"അവളാ പ്രണയം വളൎത്ത ത്-
ന്നവശത്വം മുറപോലെ കാട്ടിയും
ഇവനോ കുതുകേന കണ്ടു മാ-
വ്യവസായം കൃതകൃത്യരായ്ത്തുലോം.

70

"വ്രതവിച്യുതിയെബ്ഭയന്നു; ത-
ന്മതമങ്ങാരറിയാതെ പോകുകിൽ
കൃതസാഹസതയ്ക്കു ചേൎന്നധഃ-
പതനം വന്നിടുമായിരുന്നു, മേ.

71

"ചിരയത്നസമാൎജ്ജിതം യമം
വരമാം തൽപ്രണയത്തിലാണ്ടു പോയ്;
അര മാത്രയിലെന്തു തന്നെയി-
ന്നരചിത്തം ഗതിഭേദമാൎന്നിടാ ?

ശ്ലോ ; 69. പ്രണയ പാരവശ്യം പ്രദൎശിപ്പിച്ച നളിനിയും നളിനിയുടെ പ്രണയപാരവശ്യം കണ്ടു ദിവാകരനും കൃതാൎത്ഥത പൂണ്ടു.

ശ്ലോ : 70. വ്രതവിച്യുതി=വ്രതഭംഗം. കൃതസാഹസത =സാഹസം പ്രവൎത്തിച്ചവൻെറ അവസ്ഥ.

ശ്ലോ : 71. ചിരയത്നസമാൎജ്ജിതം=ഏറെക്കാലത്തെ പരിശ്രമംകൊണ്ടു സമ്പാദിച്ചതു്. യമം=മനോനിയന്ത്രണം.

38144

72

"അടി തെററി വികാരവായ്പ്പിന-
ങ്ങടിമപ്പെട്ടു കുഴങ്ങിയെങ്കിലും
ഞൊടികൊണ്ടതു തീൎന്നു മന്മനം
വടിവിൽ സ്സ്വാസ്ഥത പൂണ്ടു ഭാഗ്യമായ്!

73

"നളിനീഹൃദയം മഹോന്നതം
തെളിയിച്ചാപ് പ്രിയതാസുധാരസം
തെളിവേററി യഴക്കുകെററി യുൾ-
ത്തളിരിൽ ക്കേററി വിശിഷ്ടഭംഗി മേ.

74

"നിശിതാൎത്തിയിലന്നു വിദ്യുതൻ-
ശിശിരോദ്യത്സുധയാസ്വദിയ്ക്കവേ
വശിനീമണി മേഘമുക്തയാം
ശശിലേഖയ്ക്കു സമം വിളങ്ങിനാൾ.

ശ്ലോ: 72 അടി തെററി=നളിനിയുടെ ചരമം കണ്ടു് അധൈര്യം ബാധിച്ചു്.

ശ്ലോ: 73. പ്രിയത=സ്നേഹം. സുധാരസത്തിന്നു് തെളിവേററുവാനും, അഴക്കുകെററുവാനും, വിശിഷ്ടഭംഗി കൂട്ടാനും സാധിക്കുമല്ലോ.

ശ്ലോ: 74. വശിനീമണി=ഉത്തമ തപസ്വിനി.

38144

75

"ച്യുതി തെല്ലുമലച്ചിടാത്ത സം-
സ്സൂതി ചോരാന്തകന്ന വിദ്യയോ
ശ്രുതിസന്തതി സന്തതം സ്തുതി-
പ്പതിനായ് കണ്ടു പിടിച്ച വസ്തുവാം.

76

"കതിരോനുടെ ദിവ്യദീപ്തിയും
മതിതൻമഞ്ജുളകാന്തിപൂരവും
അതിയായ്ത്തടവി സ്ഫുടം തമോ-
ഹതി ചെയ്‌വൂ ഭുവി വിദ്യയൊന്നുതാൻ.

77

"കടയററു തകർന്നിടും ഭയം;
നടകൊള്ളും രിപുഷൾകമാത്മമായ്;
വിട വാങ്ങുമവിദ്യ;—വിദ്യതൻ-
വിടരും ശക്തി മറുത്തു നില്ലുവേ.

ശ്ലോ: 75. ശ്രുതിസന്തതി = വേദോപനിഷത്തുകളുടെ കൂട്ടം.

ശ്ലോ: 76. കതിരോൻ = സൂര്യൻ. മതി = ചന്ദ്രൻ. തമോഹതി = തമസ്സിനെ നശിപ്പിക്കൽ

ശ്ലോ: 77. രിപുഷൾകം = കാമാദികളായ ആറു് ആത്മശത്രുക്കൾ.

78

"പ്രയതദ്യുതി വിദ്യ സവ്വ്വി-
സ്മയദം പിഞ്ഛരികയൊന്നുയത്തവേ
നിയതം വിഷയാഖ്യമായിടും
കയർ കെട്ടററു നുറുങ്ങി വീണിടും.

79

"മരുതന്നിലുയന്നിടാനുമ-
പ്പുരുഹൂതോപവനം മനോഹരം
പുരുഷാത്ഥ മഹാവിഭൂതി കൈ-
വരുവാനും ഭുവി ഹേതു വിദ്യയാം.

80

"നരനീശ്വനേകിടുന്നൊര-
പ്പരമാനുഗ്രഹമാം വിവേകവും
വിരളോദയ വിദ്യ തീപ്പ്താം
നിരവദ്യോത്തമ രത്നഭൂഷണം.

ശ്ലോ: 78. പ്രയതം = പരിശുദ്ധം. വിദ്യയുടെ അത്ഭുതകരമായ പിഞ്ഛരികാചാലനംകൊണ്ടു വിഷയബന്ധങ്ങൾ അററു പോകുന്നു.

ശ്ലോ: 79. പുരുഹൂതോപവനം = ഇന്ദ്രോദ്യാനം (നന്ദനം)

ശ്ലോ: 80. വിരളോദയ = അപൂവ്വമായുണ്ടാകുന്നതു്. വിവേകമാണു് വിദ്യയുടെ വിശിഷ്ട ഫലം.

81

“അനവദ്യയുദിപ്പു വിദ്യ വാ-
സനയാൽത്തന്നെ നരന്നസംശയം;
അനലൻ വികസിപ്പതേ പ്രഭ-
ഞ്ജനസമ്പക്കമെഴുന്ന വേളയിൽ.

82

“ചലഭാവമകററി മാനസം
നില നിത്താൻ വരയോഗവിദ്യയും
നലമൊത്തു പഠിച്ച വാസനാ-
ബലവാല്ലാലവരം ബുദ്ധിശാലിനി.

83

“ബലവത്തരമാം സ്വവാസനാ-
വലയം വിട്ടൊരു ജീവിപോലുമേ
കൊലയാന പിടിച്ചടക്കിലും
തിലമാത്രം നില നീങ്ങിനിന്നിടാ.

ശ്ലോ; 81. പ്രഭഞ്ജനസമ്പക്കം=വായുസ്പർശ്ശം. അനലൻ=തീ.

ശ്ലോ: 82. ചലഭാവം=മനസ്സിന്റെ ചാഞ്ചല്യം.

ശ്ലോ: 83. തിലമാത്രം=എള്ളിടയുടെ പഴുതു്. ആനവലിച്ചാൽ നീങ്ങാത്ത വിധം അത്രയും ശക്തിമത്താണു് വാസന, എല്ലാ ജീവികളും വാസനയ്ക്കു വിധേയങ്ങളാകുന്നു.

84

"അവമേതരമാം വിരക്തി പൂ-
ണ്ടവളാദ്ധ്യാത്മികതത്ത്വവേദിനി
ഭുവനം ശരിയായ് മറന്നുതേ
ശിവനേ! മോഹനഭോഗലോഭനം.

85

"ചരതിച്ചവിലാണ്ഡമണ്ഡലം
സരസം തൂക്കിയളന്നു നോക്കുവോൻ
നരനോരുകിലെത്ര ദുർബ്ബലൻ
പരമാദ്ധ്യാത്മികതത്ത്വചിന്തയിൽ?

86

"അനുഭൂതികളും ബലിഷ്ഠമാ-
മനുമാനങ്ങളുമാഗമങ്ങളും
അനുവേലമഹോ! വിലക്കിലും
മനുജൻ വൈഷയികാശ വിട്ടിടാ.

87

"നതിയും നിയമവ്രതാദിയും
നുതിയും നിർവ്വൃതിയാനമായ് നരൻ
പതിവായ് ചിരമാചരിക്കിലും
ചതി കൂട്ടുന്ന സുഖം കനിഞ്ഞിടാ.

ശ്ലോ: 84. അവമേതരം = ആദരണീയം,
ശ്ലോ: 85. ചരതിക്കുക = ശ്രദ്ധിക്കുക.
ശ്ലോ: 86. വൈഷയികാശ = വിഷയങ്ങളിലുള്ള തൃഷ്ണ.
ശ്ലോ: 87. നതി = നമസ്കാരം, നുതി = സ്തുതി.

88

"ഇടരെന്നുമലട്ടി നില്ക്കുമാ-
യിടയിൽ തെല്ലു സുഖം കിടയ്ക്കുകിൽ
തടവററമൃതൂറിടുന്ന പാൽ-
ക്കടലായ്ക്കാണ്മു മനുഷ്യനൂഴിയെ.

89

"പര ചര്യകളെസ്സകൗതുകം
തിരയും കണ്ണുകളിങ്ങു തങ്ങളെ
തിരയാടയകററി നോക്കുകിൽ
സ്ഥിരഭവ്യം നരരാർന്നുയർന്നിടും.

90

"ഗുണിനീമണിയാൾക്കു സംസൃതി-
ക്കെണി നീങ്ങിപ്പരസൗഖ്യമാർന്നിടാൻ
പണി തെല്ലു മുഷിച്ചതില്ല; ഭൂ-
വണിയേണ്ടും ശുഭരതാ മാണവൾ.

91

"പലരുണ്ടിഹ ശിഷ്യരിന്നനി-
സ്തുല മജ്ഞാനമകന്നിരിപ്പവർ;
തുലയററ മനോവിശുദ്ധിയാൽ
ഖില കൂടുന്നതവൾക്കു തന്നെയാം.

ശ്ലോ : 88. ഇടർ = ദുഃഖം.
ശ്ലോ : 89. പരചര്യകൾ = മററുള്ളവരുടെ പ്രവൃത്തികൾ
തിരയാട = തിരശ്ശീല.
ശ്ലോ : 90. സംസൃതിക്കെണി = സംസാരമാകുന്ന ജാലം.
ശ്ലോ : 91. തുലയററ = അതുല്യമായ.

92

"ഹൃദയത്തിന്റെ ശുദ്ധി വായ്ക്കിലേ
പദമഭ്യർഹിതമേറിടൂ നരൻ;
ഉദകം തെളിവാർന്നിരിക്കിലേ
നദമാനന്ദദമായ് ലസിച്ചിടൂ.

93

"പെരുമയ്ക്കവർ മേ നിദാനമായ്
വരുമിന്നിങ്ങു സജീവയാകുകിൽ;
ഗുരുവാം മഹിമാവിയന്നിടും,
ഗുരു, ശിഷ്യന്റെ ഗുണാഭിവൃദ്ധിയിൽ.

94

"അധികാരിതയൊത്ത ദേശിക-
ന്നധികോത്കൃഷ്ടത പൂണ്ട ശിഷ്യനെ,
വിധിയൊട്ടു കനിഞ്ഞു കാട്ടിടും
നിധിയെന്നേ കരുതൂ വിവേകികൾ.

95

"സഹജീവികൾതൻ പ്രബുദ്ധത-
യ്ക്കുഹമിന്നുററു പരിശ്രമിക്കുവേ
മഹനീയ സഹായയായ് വരാ-
മിഹ ജീവിക്കുകിലാമഹാശയ.

ശ്ലോ: 92. അഭ്യർഹിതം = ഉത്കൃഷ്ടം. നദം = ജലാശയം.
ശ്ലോ: 93. പെരുമ = മഹത്ത്വം.
ശ്ലോ: 94. ദേശികൻ = ആചാര്യൻ
ശ്ലോ: 95. സഹജീവികൾ = ഒപ്പം ജീവിക്കുന്നവർ.

96

"അതുപോൽ ചില പുസ്തകങ്ങൾ ഞാൻ
പുതുമട്ടിൽ സ്വയമായ് രചിയ്ക്കവേ,
കുതുകേന മികച്ച സാഹ്യമ-
ച്ചതുരപ്രജ്ഞയിൽനിന്നിയന്നിടാം.

97

"വിജനസ്ഥനുമിങ്ങു വേണ്ടതാം
വിയം സ്വീന സഗർഭ്യ ഹേതുകം;
നിജവർഗ്ഗ ബലാവലംബിയാ-
യജനോപ്പു നരവംശ മെപ്പൊഴും.

98

"ഇതരോപകൃതിയ്ക്കു തന്നെയാം
സതതം നില്പതു ഭൂതപഞ്ചകം;
കൃതബുദ്ധികളോർത്തിടുന്നു, തൽ-
കൃതമാം മെയ്യു മതൊന്നിനുള്ളതായ്.

ശ്ലോ: 96. സാഹ്യം = സാഹായ്യം. ചതുരപ്രജ്ഞ = ചതുരമായ പ്രജ്ഞ (പ്രതിഭ)യോടുകൂടിയവൾ.

ശ്ലോ: 97. ഏകാന്തജീവിതം നയിക്കുന്നവർക്കും സ്വജനങ്ങളുടെ സാഹായ്യം ആവശ്യമാണ്; മനുഷ്യൻ സ്വവർഗ്ഗീയരുടെ സാഹായ്യം ആശ്രയിക്കുന്നു എന്നതു പ്രസിദ്ധമത്രേ.

ശ്ലോ; 98. അതൊന്നിനു് = പരോപകാരത്തിന്നായിട്ട്. തത്കൃതം = പഞ്ചഭൂതനിർമ്മിതം.

KOTTAYAM PUBLIC LIBRARY KOTTAYAM.

99

"കുശലം ജനതയ്ക്കുയറ്റിടാൻ
കുശലത്വം സ്വഗുണോത്തരന്നു താൻ,
ശശലാഞ്ഛനനേ കരുത്തെഴു
നിശയിൽ ക്കേറ മിരുട്ടകറ്റിടാൻ.

100

"അപരക്ക് പലേ വിധത്തിലു-
ണ്ടുപകാരങ്ങൾ മുറയ്ക്കു ചെയ്തിടാൻ;
അപകഷ്ലവം തൊടാത്തതോ
സുപവിത്രം പരബോധദാനമാം.

101

"ഇതിനായ്പ്പലതുണ്ടു മാർഗ്ഗമി-
ങ്ങതിലേറെ ശ്ശുഭമായിരിപ്പതോ
ശ്രുതിതത്ത്വമെടുത്തു കാട്ടിടും
കൃതി നിർമ്മിയ്ക്കുകയെന്ന തൊന്നുതാൻ.

ശ്ലോ: 99. കുശലം = ക്ഷേമം. കുശലത്വം = സാമർത്ഥ്യം. ശശലാഞ്ഛനൻ = ചന്ദ്രൻ.

ശ്ലോ: 100. പരബോധദാനം = അദ്ധ്യാത്മജ്ഞാനോപദേശം.

ശ്ലോ: 101. ശ്രുതിതത്ത്വം = ഉപനിഷത്തത്ത്വം.

102

"കൃതി നല്ലതു തീർത്തിടാൻ മഹാ-,
കൃതിയേ ശക്തത പൂണ്ടിരിപ്പവൻ;
പതിരേറിയരണ്ടിട്ടുന്ന നെൽ-
ക്കതിരേ പാഴ്ച്ചരലിൽജ്ജനിച്ചിടൂ.

103

"ഉരപെററ മുനീന്ദ്രരാം പരാ-
ശര പുത്രാദ്യരപാരവൈഭവർ
വിരചിച്ച നിബന്ധതല്ലജോൽ-
കര, മിബ്ഭുവതി ഭാഗ്യശാലിനി.

104

"ഹ, ഹ, മന്ദമനീഷനാം നരൻ
ഗഹനം തൽഗതതത്ത്വമോരുമോ ?
ഗുഹ. പൂകിന രത്നമൊന്നിലും
വിഹരിയ്ക്കാ പടലാകുലം മിഴി.

ശ്ലോ: 102. പാഴ്ച്ചരലിൽ പതിരേറിയരണ്ട നെൽച്ചെടിയേ വളരുകയുള്ളൂ; ഉൽകൃഷ്ടമായ കൃതി മഹാകൃതികളിൽ നിന്നു മാത്രമേ പ്രതീക്ഷിക്കേണ്ടതുള്ളൂ.

ശ്ലോ: 103. നിബന്ധതല്ലജോൽകരം=ഉൽകൃഷ്ടഗ്രന്ഥരാശി.

ശ്ലോ: 104. മന്ദമനീഷൻ=ബുദ്ധികുറഞ്ഞവൻ. തൽഗതതത്ത്വം=നിബന്ധതല്ലജങ്ങളുടെ സാരം.

38144

105

"സ്ഥിതിയിത്തരമെന്നു കാൺകയാൽ
പതിതോദ്ധാരകരാത്മവേദികൾ
രതി പൂണ്ടു ഗുരുപ്രബന്ധനി-
ർമ്മിതി ചെയ്യു ലളിതം മനോഹരം.

106

"അളവേറിന ബോധശക്തിയും
കിളരും വാസനയും വിവേകവും
തളരാത്തൊരു യത്നശീലവും
വളരും പൂർണ്ണപുമർത്ഥരാണവർ.

107

"ഉലകിന്നിരുൾനീങ്ങി മംഗളം
പുലരാനുള്ളൊരു തീർത്ഥകൃത്തുകൾ
സ്ഥലകാലവിഭേദഹീനമായ്
വിലസിയ്ക്കും, വിലയം പെടാതെതാൻ.

ശ്ലോ: 105. പതിതോദ്ധാരകർ = പതിതരെ ഉദ്ധരിക്കുന്നവർ.

ശ്ലോ: 106. പൂർണ്ണപുമർത്ഥർ = പൂർണ്ണമായ പുരുഷാർത്ഥങ്ങളോടുകൂടിയവർ.

ശ്ലോ: 107. വിലയം പെടാതെ = നാശമില്ലാതെ.

38144

108

"വികലത്വമെഴാത്ത സൽഗ്ഗുണ-
പ്രകരംതന്നെ നിരച്ച നാന്മുഖൻ
അകവും പുറവും ചമച്ചൊര-
പ്പികവാണിയ്ക്കെതിരേതു ധന്യയാം?

109

"മടവാർകലഭൂഷയന്നെനി-
യ്ക്കിടയാകാതൊരു നോക്കു കാണുവാൻ
ഉടലങ്ങു വെടിഞ്ഞുവെങ്കിൽ ഞാ-
നടയാതായ് വരുമേ കൃതാർത്ഥത.

110

"ചരിതാർത്ഥത പൂണ്ടു സാദ്ധ്വി മാ-
മരികിൽക്കാണുക മൂലമായ് ഭൃശം
ശരിയായ് നിജകൃത്യമെപ്പൊഴും
പിരിയാതാ വിധി ചെയ്തു തീർക്കുമേ!

ശ്ലോ: 108. നളിനിയോടു തുല്യത വഹിപ്പാൻ മറ്റൊരു ധന്യയുമില്ല—അവളുടെ അകവും പുറവും ഒരുപോലെ സൽഗുണങ്ങൾ നിറഞ്ഞിരിക്കുന്നു.

ശ്ലോ: 109. നളിനിയുടെ അന്ത്യദർശനംകൊണ്ടു് ദിവാകരൻ ചരിതാർത്ഥനായിരിക്കുന്നു.

ശ്ലോ: 110. ചരമഘട്ടത്തിൽ നളിനിയ്ക്കും ദിവാകരസാന്നിദ്ധ്യം ചാരിതാർത്ഥ്യമരുളിയിരിക്കുന്നു.

111

"ഭേകാതിവെക്കകിലന്നു ഹന്ത! സം-
സൃതി സൗഖ്യത്തിലുദീർണ്ണയൗവന
അതിമാനുഷിയായുയർന്നു നി-
ല്പതിനിന്നിങ്ങവൾ ശക്തയാകുമോ?

112

"ഗതകല്മഷയായ് ശുഭഗ്രഹ-
വൃതയാം നാരിയലഭ്യയൂഴിയിൽ;
സുതരാം പ്രവിചേയയല്ലയോ
മൃതസഞ്ജീവിനിയാം മഹൌഷധി.

113

"ഉടൽ മങ്ങിയടിഞ്ഞു പോകിലും
കിടയില്ലാത്തൊരവർക്കെഴും ഗുണം
നടമാടി ലസിക്കുമൂഴിയിൽ
ത്തുടരും നൽധ്വനിപോലെ സൂക്തിയിൽ.

ശ്ലോ: 111. സംസൃതി സൗഖ്യം = ലൗകികജീവിതത്തിലെ സുഖം. ഉദീർണ്ണയൗവന = യൗവനമുദിച്ചവൾ.

ശ്ലോ: 112. സുതരാം = ഏററവും. പ്രവിചേയ = തിരിഞ്ഞു കണ്ടു പിടിക്കത്തക്കവൾ (ഏററവും ദുർല്ലഭ)

ശ്ലോ: 113. ധ്വനി = വ്യംഗ്യാർത്ഥം.

ഏതു മാതാവിന്നും പുത്രീസുഖം പൂർണ്ണമായനുഭവിപ്പാൻ ഭാഗ്യമുണ്ടാകാറില്ല.

114

"ക്ഷിതി തെല്ല മറിഞ്ഞതില്ലഹോ;
സതിതൻ ജ്ഞാനവിവേകസൽഫലം;
അതിട്ടല്ലേ താൻ, സുതാസുഖം
മതിയാംവോള മിയന്നെഴും പ്രസൂ!

115

"ഭരതാവനിഭാഗ്യമാം സുധാ-
കരനസ്തം ഗതനല്ല നിണ്ണയം;
കിരണങ്ങളിടയ്ക്കു കാണ്മതു-
ണ്ടിരവിൽപ്പൊങ്ങുമിരുട്ടിലിപ്പൊഴും.

116

"ഒരു വൃത്തി വഹിച്ച ഞങ്ങളി-
ങ്ങിരുപേരും തിരിയാതെ ചേൎന്നടൻ;
കരുതാതെ പിരിഞ്ഞു—ഹന്ത! നിൻ-
വരുതിയ്ക്കാർ തടവേകിടും, വിധേ?

ശ്ലോ: 114. പ്രസൂ = മാതാവു്.
ശ്ലോ: 115. സുധാകരൻ = ചന്ദ്രൻ.
ശ്ലോ: 116. വൃത്തി = ജീവിതചര്യ. വരുതി = ആജ്ഞ.

117

"ദൃഢമായയസസൂചി,സന്നിധി-
സ്ഥിതമാം കാന്തമുപാശ്രയിച്ചതേ;
പതറാതൊഴുകിപ്പുണർന്നതേ
ചിതമായ് വാരിധിയെ സ്സ്വയം നദി.

118

"ഒഴുകുന്നൊരു തോണിയാം, നരൻ;
പഴുതേറുന്ന വിപത്തിനാഴിയിൽ;
തഴുകാതെ നിയന്ത്രണങ്ങളെ-
പ്പൊഴുതും പോകുവതെതിടത്തിലോ?

119

"കുറി യൊട്ടു പിഴച്ചു പോയിടാം;
മറിമായം പലതും മയക്കിടാം;
അറിയായ്കയിലാത്മസൽപഥം
മുറി പററാം കഴൽ തെററി വീഴ്കയാൽ.

120

"കരുതാം ചിലതുനമററതായ്;
നിരുപിയ്ക്കാം പലതും നിരങ്കുശം;
പൊരുളാവുകയില്ലതൊന്നുമേ
വരുവാനുള്ളതു വേറെയായിടാം!

ശ്ലോ: 117. ആയസസൂചി = ഇരിമ്പുസൂചി.
ശ്ലോ: 118. നിയന്ത്രണങ്ങളെത്തഴുകാതെ = അനിയന്ത്രിതമായി. പഴുതു് = സാദ്ധ്യത.
ശ്ലോ: 119. കുറി = നിശ്ചയം. ആത്മസൽപഥം = ആത്മാവിൻെറ സത്തായ പന്ഥാവു്.
ശ്ലോ: 120. നിരങ്കുശം = സ്വച്ഛന്ദം,

121

"സ്ഥിതിയീവിധമാണു മർത്ത്യർതൻ
ഗതിയിൽ കാണ്മതു പാരിലെപ്പൊഴും;
അതിലോക്കുകിലുററ ബന്ധു നിർ-
വൃതി നൽകാനുതകും വിവേകമാം.

122

"വിലയം, ബത, പൂണ്ടിടായ്കിലീ-
ന്നലഘുൽകൃഷ്ടചരിത്രയാമവൾ
തിലകായിതയായ് ഭവിയ്ക്കുമീ-
യുലകിന്നിന്ന, തിനില്ല സംശയം!

123

"മരുവുന്നതിനസ്സുവൃത്തയൊ-
ത്തൊരുമിച്ചാത്ത സുഖം സകൗതുകം
ഒരു വാസരമെങ്കിലും നമു-
ക്കരുളീലാ സുബലിഷ്ഠനാം വിധി.

ശ്ലോ: 121. വിവേകമാണ്, മനുഷ്യനു മുക്തി നൽകുവാൻ സഹായകമായ ഉത്തമബന്ധു.

ശ്ലോ: 122. തിലകായിത = ലോകത്തിന്നു് തിലകമെന്ന നിലയ്ക്കായവൾ.

ശ്ലോ: 123. സുവൃത്ത = സച്ചരിത്ര. തപസ്സു, ജ്ഞാനം മുതലിയവകൊണ്ടു് ആത്മീയമായ ഔന്നത്യം നേടിയ നളിനിയോടൊപ്പം ഒരു പകൽ പോലും കഴിച്ചുകൂട്ടുവാൻ ദിവാകരനു ഭാഗ്യമുണ്ടായില്ല.

124

"വിധിദേവനിതേവിധത്തിലൊ-
ട്ടധികം വിശചവിശിഷ്ടസൃഷ്ടികൾ
അധിഭൂമി തുടന്നു വെങ്കിലോ
വിധിയാംവണ്ണ മമർത്ത്യരാം, നരർ !

125

"പോയാൾ, ഹാ, കൃതകൃത്യയാം നളിനി തെ-
ല്ലായാസമില്ലാതെ താൻ;
പ്രേയാനിജ്ജനമോ തദീയചരിതം
രമ്യം സ്മരിപ്പോനുമായ്;
മായാദന്തുരമാം പ്രപഞ്ചമിതില-
ക്കർമ്മാശയം നൽകിടും
കായാലംബമതീവ തുച്ഛമതഹോ !
ദ്വിത്രക്ഷണസ്ഥായിയാം" !

ശ്ലോ: 124. അധിഭൂമി = ഭൂമിയിൽ.

ശ്ലോ: 125. മായാദന്തുരം = മായയാൽ ദന്തുരമായിട്ടുള്ളതു്
ദന്തുരം = നിമ്നോന്നതം; ദ്വിത്രക്ഷണസ്ഥായി = രണ്ടോ
മൂന്നോ ക്ഷണനേരം മാത്രം സ്ഥിതി ചെയ്യുന്നതു്. കായാ
ലംബം = ശരീരബന്ധം.

★

38144

MA10

മാനൻഗുണങ്ങൾ. കെ. വി.

ദിവാകരചിന്ത.

മാനൻഗുരുക്കൾ

1890 ഒക്ടോബർ 31നു് ജനിച്ചു. പിതാവു് സുപ്രസിദ്ധജ്യോതിഷികനായ കതിരൂർ ചന്തുപ്പണിക്കരായിരുന്നു. സാമാന്യ വിദ്യാഭ്യാസത്തിന്നുശേഷം പട്ടാമ്പി സംസ്കൃതകോളേജിൽ ചേർന്നു വിദ്വാൻ പരീക്ഷ പാസ്സായി. പുന്നശ്ശേരി നമ്പിയുടെ പ്രിയശിഷ്യനും വടക്കേപ്പാട്ടു് നാരായണൻ നായർ, സി. എസ്സ്. നായർ, കെ. വി. എം. മുതലായവരുടെ സതീർത്ഥ്യനുമായിരുന്ന ഗുരുക്കൾ, വ്യാകരണസാഹിത്യങ്ങളിലുള്ള അസാമാന്യവൈദുഷ്യംകൊണ്ടും വിസ്മയനീയമായ വാഗ്വിലാസം കൊണ്ടും അഭിനവഭട്ടബാണ ആർ. വി. കൃഷ്ണമാചാരിയരുടെയും കേരളവർമ്മദേവന്റെയും മററും പ്രശംസക്കും അനുമോദനത്തിന്നും പാത്രമായി. വിദ്യാഭ്യാസാനന്തരം ഗവൺമെൻറു് സർവ്വീസിൽ പ്രവേശിച്ചു. പാലക്കാടു് വിക്ടോറിയാ കോളേജിലും തലശ്ശേരി ബ്രണ്ണൻകോളേജിലും ഏറെക്കാലം മലയാളം ലക്ചററുടെ ജോലി നോക്കി.

1965 ഒക്ടോബർ 2-ാംനു ഗുരുക്കൾ 75-ാംവയസ്സിൽ ഇഹലോകവാസം വെടിഞ്ഞു.

‘നളിനി’യുടെയും ‘രണ്ടു ഖണ്ഡകൃതിക’ളുടെയും വിവർത്തനം, ‘ശിവശതകം തുടങ്ങിയ സംസ്കൃതകൃതികളും, ‘ദിവാകരചിന്ത’ തുടങ്ങിയ കുറേയേറെ മലയാളകവിതകളും, ‘കാവ്യവും അലങ്കാരങ്ങളും’ മുതലായ ഒട്ടധികം ഉപന്യാസങ്ങളും ഗുരുക്കളുടെ സാഹിത്യസംഭാവനകളാകുന്നു.